"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - വിഷൻ 2031 - റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാനതല സെമിനാറിന്റെ നടത്തിപ്പ് - സർക്കാർ അനുമതി നൽകിയതിനേക്കാളും അധികമായി ചെലവാക്കിയ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.969/2026/RD  തീയതി,തിരുവനന്തപുരം, 16-05-2026

---

പരാമർശം:-
1. 29.08.2025 തീയതിയിലെ സ.ഉ (കൈ) 6/2025/I&PRD നമ്പർ സർക്കാർ ഉത്തരവ്
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 14.10.2025 തീയതിയിലെ DCTSR/ 13007/2025/A4 നമ്പർ നടപടിക്രമം.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.11.2025, 27.03.2026 തീയതിയിലെ LR/9474/2025-LR(M4) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

"വിഷൻ-2031" സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിൽ ബന്ധപ്പെട്ട വകുപ്പുകൾ സെമിനാറിന്റെ സംഘാടക ചുമതല നിർവ്വഹിക്കേണ്ടതാണെന്നും സെമിനാർ സംബന്ധിച്ച ചെലവ് അതത് വകുപ്പ് കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിക്കുകയും കൂടാതെ ഓരോ സെമിനാറിനും പരമാവധി 3 ലക്ഷം രൂപ വരെ അതത് വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. അതിൻ പ്രകാരം 2025 ഒക്ടോബർ 25-ന് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ച റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാനതല സെമിനാറിലേക്ക് 3 ലക്ഷം രൂപ പരാമർശം 2 നടപടിക്രമം പ്രകാരം മുൻകൂറായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

2] എന്നാൽ പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി ആകെ 9,03,416/- രൂപ ചെലവ് വന്നിട്ടുള്ളതാണെന്നും, ആയതിൽ അഡ്വാൻസ് ആയി അനുവദിച്ച 3,00,000/- രൂപ കിഴിച്ചുള്ള 6,03,416/- രൂപ അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി പരിപാടിയുടെ നടത്തിപ്പിനായി ചെലവായ തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക്

അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. വിഷൻ 2031 സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നല്കിയതിനേക്കാളും രണ്ടിരട്ടിയോളം അധികമായി ചെലവാക്കിയ തുക ഉന്നതതലങ്ങളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ റീജിയണൽ തിയേറ്റർ ഉൾപ്പെടെ മൂന്ന് വേദികളിൽ സെമിനാർ സംഘടിപ്പിക്കേണ്ടി വന്നത്, കനത്ത മഴയെ തുടർന്ന് അധിക പന്തൽ സൗകര്യങ്ങൾ ഒരുക്കിയത്, ലൈറ്റ്—സൗണ്ട്—മീഡിയ സംവിധാനങ്ങൾ വിപുലീകരിച്ചത്, പങ്കെടുത്തവരുടെ എണ്ണം ഗണ്യമായി വർധിച്ചതിനാൽ ഭക്ഷണം, താമസം, ഗതാഗതം തുടങ്ങിയ ക്രമീകരണങ്ങൾ കൂട്ടിയത്, കൂടാതെ അധിക തൊഴിലാളികളും ജനറേറ്ററുകളും വിന്യസിക്കേണ്ടി വന്നത് എന്നീ കാരണങ്ങളാലാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഷൻ 2031 സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നല്കിയതിനേക്കാളും രണ്ടിരട്ടിയോളം അധികമായി ചെലവാക്കിയ തുക അനിവാര്യമായ ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതായി ബോധ്യപ്പെടുന്നതിനാൽ, വിഷൻ 2031 സംസ്ഥാനതല സെമിനാറുകളുടെ ഭാഗമായി റവന്യൂ വകുപ്പ് സംഘടിപ്പിച്ച സെമിനാറിന് വേണ്ടി വന്ന 9,03,416/- രൂപയിൽ ഇതിനകം അനുവദിച്ച 3,00,000/- രൂപ കുറവ് ചെയ്ത് അവശേഷിച്ച 6,03,416/- രൂപ (ആറ് ലക്ഷത്തി മൂവായിരത്തി നാനൂറ്റി പതിനാറ് രൂപ മാത്രം) 2053-00-093-99-00-05-04-NV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (06.05.2026-ലെ വ്യയം-ഡി 1/6/2026/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Misha C P
Date: 16-05-2026 12:52:02
സെക്ഷൻ ഓഫീസർ